"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വിശാല കൊച്ചി വികസന അതോറിറ്റി- കേരള ബാംബൂ ഫെസ്റ്റ് 2024 എന്ന പരിപാടിയ്ക്കായി അടയ്ക്കേണ്ട പിഴ തുക ജിസിഡിഎ-യിൽ അടവാക്കുന്നതിൽ നിന്ന് കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷന് ഇളവ് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ(ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.2357/2024/LSGD തീയതി,തിരുവനന്തപുരം, 04-12-2024

---

പരാമർശം:-

1. കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 18/10/2024ലെ 706/ഈവന്റ്സ്/കെബിപ്പ്/2024-25 നമ്പർ കത്ത്.
2. ജി.സി.ഡി.എ. സെക്രട്ടറിയുടെ 04/11/2024ലെ 4523/എസ്റ്റേറ്റ്/എ3/2023/ജിസിഡിഎ നമ്പർ കത്ത്.

**ഉത്തരവ്**

കേരള വ്യവസായ വാണിജ്യ വകുപ്പ് 2023 ആഗസ്റ്റ് 21 മുതൽ 25 വരെ കേരള ഡിസൈൻ കോൺക്ലേവ് നടത്തുന്നതിനായി വിശാല കൊച്ചി വികസന അതോറിറ്റിയുടെ നിയന്ത്രണത്തിലുള്ള എറണാകുളം മറൈൻ ഡ്രൈവ് മൈതാനം 2023 ആഗസ്റ്റ് 14 മുതൽ 29 വരെ 16 ദിവസത്തേക്ക് 12,50,940/- രൂപ അടവാക്കി ബുക്ക് ചെയ്തിരുന്നെന്നും എന്നാൽ പിന്നീട് വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള യോഗത്തിൽ ടി പരിപാടി മാറ്റി വച്ചതായും ടി കോൺക്ലേവ് നടത്താനായി ബുക്ക് ചെയ്തിരുന്ന മൈതാനം 2024 നവംബർ 30 മുതൽ ഡിസംബർ 15 വരെ കേരള ബാംബൂ ഫെസ്റ്റ് നടത്താനായി മുൻകൂറായി ബുക്ക് ചെയ്തിരുന്നുവെന്നും എന്നാൽ ഇപ്രകാരം മൈതാനം മറ്റൊരു തീയതിയിലേക്കായി മാറ്റി അനുവദിക്കുമ്പോൾ 2,20,188/- രൂപ പിഴയായി അടവാക്കണമെന്ന് ജിസിഡിഎ അറിയിച്ചിട്ടുള്ളതായും കേരള ഡിസൈൻ കോൺക്ലേവ് പരിപാടിയ്ക്കായി ബുക്ക് ചെയ്ത മൈതാനം കേരള ബാംബൂ ഫെസ്റ്റിനായി അനുവദിക്കണമെന്നും ജിസിഡിഎ ആവശ്യപ്പെട്ട പിഴ തുകയായ 2,20,188/- രൂപ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും പരാമർശം (1) പ്രകാരം കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ (കെ-ബിപ്) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള ബാംബൂ ഫെസ്റ്റ് 2024 എന്ന പരിപാടിയ്ക്കായി 2024 ഡിസംബർ 7 മുതൽ 12 വരെ ജിസിഡിഎ-യുടെ മറൈൻ ഡ്രൈവ് മൈതാനം അനുവദിച്ചുനൽകുന്നതിന് മൈതാനം ആദ്യം ബുക്ക് ചെയ്ത തീയതിയിലെ നിന്ന് മാറ്റം വരുത്തിയപ്പോൾ അടയ്ക്കേണ്ട പിഴ തുകയായ 2,20,188/- രൂപ ജിസിഡിഎ-യിൽ അടവാക്കുന്നതിൽ നിന്ന് സർക്കാർ പരിപാടി എന്ന പരിഗണന നൽകി കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷന് ഇളവ് നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ T
ജോയിന്റ് സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ, തിരുവനന്തപുരം
സെക്രട്ടറി, ജിസിഡിഎ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഐ&പി.ആർ.ഡി. (വെബ് & ന്യൂ മീഡിയ)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (IA3/139/2024/LSGD)

ഉത്തരവിൻ പ്രകാരം

Signed by

Vijitha M B

Date: 04-12-2024 18:31:28

സെക്ഷൻ ഓഫീസർ